13 (*133) റവന്യൂകാർഡിൽ കോർട്ട് ഫീ സ്റ്റാമ്പ് ഒഴിവാക്കാൻ നടപടി

ശ്രീ. കെ. അച്ചുതൻ :
ശ്രീ. പി.പി. തങ്കച്ചൻ :
ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവ കുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ കാർഡിനുവേണ്ടി അപേക്ഷ സമർപ്പിക്കാതിരുന്നാലുള്ള ഫലമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) റവന്യൂകാർഡ് അനുവദിച്ചു നൽകിയതിനുശേഷം അതിൽ മാറ്റം വരുത്തുന്നതിനുള്ള നടപടിക്രമം എന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) റവന്യൂകാർഡ് എത്ര വർഷം കഴിഞ്ഞാണ് പുതുക്കുന്നത്;

(ഡി) റവന്യൂകാർഡിനുള്ള അപേക്ഷയിൽ കോർട്ടുഫീസ്റ്റാമ്പ് പതിക്കു ന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) അത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ)

(എ) അപേക്ഷ സമർപ്പിക്കുന്നവർക്കു മാത്രമേ റവന്യൂ കാർഡ് നൽകു കയുള്ളൂ.

(ബി) റവന്യൂകാർഡിലെ ഉൾക്കുറിപ്പുകളിൽ മാറ്റം വരുത്തുന്നതിനുള്ള വ്യവസ്ഥ റവന്യൂകാർഡ് ചട്ടത്തിലെ 8-ാം ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുണ്ട്. റവന്യൂകാർഡിൽ മാറ്റം വരുത്തുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ കാർഡുടമ വിശദവിവരങ്ങൾ കാണിച്ച് തഹസീൽദാർക്ക് അപേക്ഷ സമർപ്പിക്കേണ്ടതും അപ്രകാരം ലഭിക്കുന്ന അപേക്ഷയിൻമേൽ തഹസീൽദാർ 30 ദിവസത്തിനകം തീർപ്പുകൽപ്പിക്കേണ്ടതുമാണ്. തീർപ്പുകൽപ്പിക്കുന്നതിനുമുൻപായി അപേക്ഷ കനും മറ്റു ബന്ധപ്പെട്ട ആൾക്കാർക്കും പറയാനുള്ളതു കേൾക്കുവാനും തെളി വുകൾ ഹാജരാക്കുവാനുമുള്ള ഒരു അവസരം നൽകേണ്ടതും അപേക്ഷ യിൻമേൽ തീരുമാനമെടുത്തുകഴിഞ്ഞാൽ ഒരാഴ്ചക്കകം കക്ഷിയെ അറിയി ക്കേണ്ടതുമാണ്.

(സി) റവന്യൂ കാർഡ് ആക്ടിലെ അഞ്ചാം വകുപ്പു പ്രകാരം, ഒരു റവ ന്യൂകാർഡ് നഷ്ടപ്പെടുകയോ, നശിക്കുകയോ, കേട് വരികയോ, വിരൂപമായി ത്തീരുകയോ ഉപയോഗശൂന്യമായിത്തീരുകയോ ചെയ്യുമ്പോൾ ഡ്യൂപ്ലിക്കേറ്റ് റവന്യൂകാർഡിനുവേണ്ടി തഹസീൽദാർക്ക് അപേക്ഷ നൽകാവുന്നതാണ്.

(ഡി)&(ഇ) സർക്കാരിനു സമർപ്പിക്കുന്ന അപേക്ഷകളിൽ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ചിരിക്കണം എന്നതുനിലവിലുള്ള വ്യവസ്ഥയാണ്. എന്നാൽ പട്ടി കജാതി-പട്ടികവർഗ്ഗ കുടുംബങ്ങളെ ഇതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

14 (*134) "ഉരുൾപൊട്ടൽ സംബന്ധിച്ച പഠനം"

ശ്രീ. എ. കണാരൻ :
ശ്രീ. എം.വി. ഗോവിന്ദൻമാസ്റ്റർ :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. സി.പി. ബാലൻവൈദ്യർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:



LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തിന്റെ ചില പ്രദേശങ്ങളിൽ ഇടയ്ക്കിടെ ഉണ്ടാകാറുള്ള ഉരുൾപൊട്ടൽ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പഠനത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ ഉരുൾപൊട്ടൽ സംബന്ധിച്ച് പഠനം നടത്താൻ ഈയിടെ ആസ്ട്രേലിയൻ സംഘം സംസ്ഥാനം സന്ദർശിച്ചിരുന്നുവോ; എങ്കിൽ പ്രസ്തുത സംഘം സംസ്ഥാനത്തിന്റെ ഏതൊക്കെ പ്രദേശങ്ങളാണ് സന്ദർശിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് ഇടയ്ക്കിടെ ഉണ്ടാകാറുള്ള ഉരുൾപൊട്ടലിന്റെ കാരണങ്ങൾ ആസ്ട്രേലിയൻ സംഘം കണ്ടുപിടിച്ചുവോ; എങ്കിൽ എന്തെന്ന് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് ഉണ്ടാകാറുള്ള ഉരുൾപൊട്ടൽ തടയുന്നതിന് ആസ്ട്രേലിയൻ സംഘം എന്തെങ്കിലും നിർദ്ദേശം മുന്നോട്ടു വച്ചുവോ; എങ്കിൽ എന്തെന്ന് വെളിപ്പെടുത്തുമോ;

(എഫ്) സംസ്ഥാനത്തെ ഉരുൾപൊട്ടൽ സംബന്ധിച്ച പഠനത്തിന് എന്ത് തുക ചെലവഴിച്ചെന്ന് വ്യക്തമാക്കുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) ഇത് സംബന്ധിച്ച് ഇന്ത്യാഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് എന്ന സ്ഥാപനവും, ചെന്നൈയിലെ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയും പഠനം നടത്തിയിട്ടുണ്ട്.

(ബി) ഇടുക്കി, കോട്ടയം, എന്നീ ജില്ലകളിലെ മീനച്ചൽ, മണിമല എന്നീ നദികളുടെ ആയക്കെട്ട് പ്രദേശങ്ങളിലെ ഉരുൾപ്പൊട്ടൽ പ്രദേശങ്ങൾ തിട്ടപ്പെടുത്തുന്നതിന് സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് എന്ന സ്ഥാപനം ഒരു പ്രോജക്ട് പൂർത്തിയാക്കിയിട്ടുണ്ട്. 1993-ൽ തുടർച്ചയായി ഉരുൾപൊട്ടൽ ഉണ്ടായ അടിവാരം, കൂട്ടിക്കൽ പ്രദേശങ്ങൾ ഉൾപ്പെടെ 750 ചതുരശ്ര കിലോമീറ്റർ പ്രദേശം പഠനത്തിൽ ഉൾപ്പെടുത്തിയിരുന്നു. കേന്ദ്ര കൃഷിമന്ത്രാലത്തിന്റെ സാമ്പത്തിക സഹായത്തോടെയാണ് പ്രസ്തുത പഠനം നടത്തിയത്. ഉരുൾപൊട്ടൽ പ്രദേശങ്ങൾ വേർതിരിച്ചു കാണിക്കുന്ന മാപ്പുകൾ, തയ്യാറാക്കുന്നതിനും മറ്റുമുള്ള വിവരങ്ങൾ റിപ്പോർട്ടിൽ അടങ്ങിയിട്ടുണ്ട്. ഈ പ്രദേശങ്ങളിലെ കുടിയേറ്റം, ഭൂവിനിയോഗം തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് ഓട്ടേറെ ശുപാർശകൾ പഠന റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഭാവിയിൽ ഉരുൾപൊട്ടൽ ഉണ്ടാകാതിരിക്കുവാൻ സ്വീകരിക്കേണ്ടതായ നിരവധി നിർദ്ദേശങ്ങളും റിപ്പോർട്ടിൽ അടങ്ങിയിട്ടുണ്ട്.

1993 ഡിസംബറിൽ കോട്ടയം ജില്ലയിലെ കൂരിശുമല ഭാഗത്തുണ്ടായ ഉരുൾപൊട്ടലിനെകുറിച്ചാണ് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ പഠനം നടത്തിയത്.

(സി) സെന്റൽ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് എന്ന സ്ഥാപനം ആസ്ട്രേലിയൻ സർക്കാരിന്റെ സഹായത്തോടുകൂടി സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രോജക്ട് നിർദ്ദേശങ്ങളെക്കുറിച്ച് ചർച്ച നടത്താൻ ഒരു ആസ്ട്രേലിയൻ വിദഗ്ധൻ സംസ്ഥാനം സന്ദർശിച്ചിരുന്നു. അദ്ദേഹം സെസ്സ് ശാസ്ത്രജ്ഞരോടൊപ്പം കോട്ടയം ഇടുക്കി ജില്ലകളിലെ ഉരുൾപൊട്ടൽമേഖലകൾ മേയ് 4,5, എന്നീ തീയതികളിൽ സന്ദർശിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) & (ഇ) ഇത്തരം നിർദ്ദേശം വിശദമായ പഠനത്തിനുശേഷം മാത്രമേ സാദ്ധ്യമാകു.

(എഫ്) ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ നടത്തിയ പഠനത്തിനായി പ്രകൃതിക്ഷോഭ ദുരിതാശ്വാസനിധിയിൽനിന്നും 26,864/- രൂപ ചെലവഴിച്ചിട്ടുണ്ട്.

15 (*135) തിരുവല്ല ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ്

<u>ശ്രീ. മാമ്മൻ മത്തായി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീഡിത വ്യവസായ കേന്ദ്രമായി പ്രഖ്യാപിച്ചിട്ടുള്ള തിരുവല്ല ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽ എന്ന സ്ഥാപനം പുനരുജ്ജീവിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ ഉല്പാദിപ്പിച്ചിട്ടുള്ള മൂന്ന് കോടിയോളം രൂപ വിലവരുന്ന വിദേശമദ്യം വിറ്റഴിക്കുവാൻ കഴിയാതെ വന്നിട്ടുള്ളതു മൂലം തൊഴിലാളികൾക്ക് ശംബളം നൽകുന്നതിനുവരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്റ്റോക്ക് ചെയ്തിട്ടുള്ള വിദേശമദ്യം ബിവറേജസ് കോർപ്പറേഷനെക്കൊണ്ട് ഏറ്റെടുപ്പിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി സുശീലാ ഗോപാലൻ)</u> :

(എ) പീഡിത വ്യവസായമായി പ്രഖ്യാപിച്ച ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസിനെ വി.ഐ.എഫ്. ആറിന് റഫർ ചെയ്തിരിക്കുകയാണ്. പുനരുദ്ധാരണത്തിന്റെ ഭാഗമായി നിരവധി ആശ്വാസങ്ങളും ആനുകൂല്യങ്ങളും 2-2-1999 ലെ ജി.ഒ.(എം.എസ്)21/99/വ്യവ. പ്രകാരം പ്രഖ്യാപിച്ചിട്ടുണ്ട്. സർക്കാർ വായ്പയായി കമ്പനിക്കു നൽകിയ 65 ലക്ഷം രൂപ ഇക്വിറ്റി ഓഹരി മൂലധനമായി മാറ്റുകയും അതിന്റെ പലിശ ഒഴിവാക്കുകയും ചെയ്തു. സെന്റ്ഫി ഇനത്തിൽ സർക്കാരിന് ലഭിക്കാനുണ്ടായിരുന്ന 115.04 ലക്ഷം രൂപ ഒഴിവാക്കുകയുണ്ടായി. വിൽപ്പന നികുതിയിനത്തിൽ കമ്പനി സർക്കാരിന് നൽകുവാനുണ്ടായിരുന്ന തുക 2000-2001 മുതൽ 7 തവണകളായി അടയ്ക്കുന്നതിന് അനുമതി നൽകി. കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന് നൽകുവാനുള്ള 17 ലക്ഷം രൂപ മൂന്നു തവണകളായി അടയ്ക്കുന്നതിനും ടി തുകയുടെ പലിശ ജി.ഐ.എഫ്.ആർ. പാറ്റേണിനു വിധേയമായി നൽകുവാനും സർക്കാർ അനുമതി നൽകി. എക്സൈസ് എസ്റ്റാബ്ലിഷ്മെന്റ് ചാർജ് ആയ 7.70 ലക്ഷം രൂപ 1999 മാർച്ച് മുതൽ പലിശ രഹിതമായി നൽകുവാൻ അനുമതി നൽകി. എക്സൈസ് ഇനത്തിൽ സർക്കാരിന് ലഭിക്കുവാനുള്ള 1414.50 ലക്ഷം രൂപ വകുപ്പു തലത്തിൽ പരിശോധന നടത്തി നടപടി കൈക്കൊള്ളുന്നതിന് അനുമതി നൽകി. തൽഫലമായി ടി തുക 14 ലക്ഷം രൂപയായി കുറഞ്ഞു. 251.82 ലക്ഷം രൂപ കമ്പനിയിൽ സ്വയം വിരമിക്കൽ പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി വായ്പയായി നൽകുകയും അതിന്റെ ഫലമായി 230 തൊഴിലാളികൾ പിരിഞ്ഞുപോവുകയും ശമ്പളത്തിൽ താരതമ്യമായി കുറയുകയും ചെയ്തു. ടി വായ്പ പിന്നീട് ഗ്രാന്റായി മാറ്റിയിട്ടുണ്ട്. കൂടാതെ കമ്പനിയുടെ പഴയ ഷുഗർപ്ലാന്റും മെഷിനറിയും വിൽക്കുവാൻ നടപടി സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly